LIBRARY ARCHIVES Kerala Legislative Assembly

കുഴൽമന്ദം മണ്ഡലത്തിൽ മാവേലി/ലാഭം സ്റ്റോറുകൾ ആരംഭിക്കാൻ നടപടി

41 [1173] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവേലി സ്റ്റോറുകളോ, ലാഭം സ്റ്റോറുകളോ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) കുഴൽമന്ദം മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് മാവേലി സ്റ്റോറുകളോ ലാഭം സ്റ്റോറുകളോ ഇല്ലാത്തതെന്നും പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ എന്നത്തേയ്ക്ക് മാവേലി സ്റ്റോറുകളോ, ലാഭം സ്റ്റോറുകളോ ആരംഭിക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മാവേലി സ്റ്റോറുകൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും അനുയോജ്യമായ കെട്ടിടം പഞ്ചായത്ത് അധികൃതർ ലഭ്യമാക്കുന്ന മുറയ്ക്ക് മാവേലി സ്റ്റോർ തുറന്നു പ്രവർത്തിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. വിപണന സാദ്ധ്യത, വിറ്റുവരവ്, അനുയോജ്യമായ കെട്ടിട സൗകര്യം തുടങ്ങിയ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിലും ലാഭം മാർക്കറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) കുഴൽമന്ദം നിയോജകമണ്ഡലത്തിൽപ്പെട്ട പെരിങ്ങോട്ടുകുറിശ്ശി, കൂത്തന്നൂർ, മാത്തൂർ, തേങ്കുറിശ്ശി എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ നിലവിലില്ല. പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയായിട്ടുണ്ട്. മാത്തൂർ പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കൂത്തന്നൂർ, തേങ്കുറിശ്ശി എന്നീ പഞ്ചായത്തുകളിൽ അനുയോജ്യമായ കെട്ടിടം പഞ്ചായത്ത് അധികൃതർ ലഭ്യമാക്കുന്ന മുറയ്ക്ക് മാവേലി സ്റ്റോർ തുറന്നു പ്രവർത്തിപ്പിക്കാവുന്നതാണ്.

സംസ്ഥാനത്ത് അടച്ചുപൂട്ടിയ മാവേലി സ്റ്റോറുകളുടെ എണ്ണം

42 [1174] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മാവേലി സ്റ്റോറുകൾ അടച്ചുപൂട്ടി; ജില്ല തിരിച്ച് വിശദവിവരം നൽകുമോ;

(ബി) പൊതുവിതരണം ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും മാനദണ്ഡം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) റേഷൻ കടകൾ വ്യാപകമായി അടച്ചുപൂട്ടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ നിലനിർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?